വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഈ വിഷയം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിൽ ഓരോ വിഷയത്തിന്റെയും പാഠ്യപദ്ധതി അതതു വിഷയത്തിന്റെ പഠന ബോർഡ് തയ്യാറാക്കുകയും അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിലെ നിയമങ്ങൾക്ക് വിധേയമായി ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച പട്ടികയിൽ നിന്നുള്ളവരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഉപരിതല ഗതാഗത പദ്ധതികൾ

13 (*103) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാകാ നൗക പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) 9-10-2012-ലെ സ.ഉ.(കൈ)72/2012/പൊമവ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും 14-5-2013-ലെ സ.ഉ.(കൈ) 50/2013/പൊമവ പ്രകാരം ഡി.എം.ആർ.സി.-യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാദ്ധ്യത സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തിനായി നാല് ആഴ്ചയ്ക്കുള്ളിൽ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.എം.ആർ.സി.-യെ ചുതമലപ്പെടുത്തുകയും ആയതിൻപ്രകാരം സംസ്ഥാനത്തിന് യോജ്യമായ 'ലൈറ്റ് മെട്രോ പദ്ധതി" നടപ്പിലാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡി.എം.ആർ.സി. വിശദമായ പഠനം നടത്തി തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് രണ്ട് പദ്ധതികൾക്കുമായി മൊത്തം 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി താമസംവിനാ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി 2020-ലും കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി 2019-ലും പൂർത്തിയാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനമാണ് നവരത്ന പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ദേശീയ പാതകളായ എൻ.എച്ച്. പതിനേഴും എൻ.എച്ച്. നാൽപ്പത്തിയേഴും ഉൾപ്പെട്ട 829 കിലോമീറ്റർ അന്തരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാതാ വികസന പദ്ധതി (എൻ.എച്ച്.ഡി.പി.) രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ 2001 വർഷം ഏൽപ്പിച്ചിരുന്നു. 2004 വർഷം മുതൽ ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ തുടങ്ങിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ.എച്ച്. പതിനേഴിലെയും എൻ.എച്ച്. നൽപ്പത്തിയേഴിലെയും പ്രവൃത്തികൾ ആരംഭിക്കാത്ത ഭാഗങ്ങൾ ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭാവിയിലുണ്ടാകുന്ന ഗതാഗത സാന്ദ്രതയും സുരക്ഷിതത്വവും കണക്കിലെടുത്ത് ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്റർ വീതിയിൽത്തന്നെ വികസിപ്പിക്കുവാൻ 25-10-2014-ലെ സ.ഉ.(കൈ) 94/2014/ പൊമവ പ്രകാരം ഉത്തരവായിട്ടുണ്ട്. ദേശീയ പാതയുടെ വികസനത്തിനാവശ്യമായ തുക പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാരായതിനാൽ ഈ പ്രവൃത്തിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് കേരള പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 23 പദ്ധതികളാണ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ഇതിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതകളുടെ വിശദാശങ്ങൾ അനുബന്ധം 3* ആയി ചേർത്തിരിക്കുന്നു. രൂപരേഖ തയ്യാറാക്കിയിട്ടുള്ള മറ്റ് ഏഴ് പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിവരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടുത്തുകവല-കറുകച്ചാൽ റോഡ് എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി കരാർ ഒപ്പുവച്ചു കഴിഞ്ഞു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെയും ഇടപ്പാൾ ഫ്ലൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പതിനെട്ട് കിലോമീറ്റർ ദൂരം വരുന്ന തലശ്ശേരി-മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള പന്ത്രണ്ട് കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പന്ത്രണ്ട് കിലോമീറ്റർ ദൂരം രണ്ടു വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാൻഡ് എലോൺ പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജനുവരി മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇത് കൂടാതെ ലോകബാങ്ക് സഹായത്തോടുകൂടി 2403 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന 363 കിലോമീറ്റർ ദൈർഘ്യമുള്ള പാതകളുടെ വികസനം കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വിശദവിവരം അനുബന്ധം 4 ആയി വച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly